സെലക്ട് ചെയ്യുന്ന ആളുകൾക്ക് രണ്ടോ മൂന്നോ ഘട്ടങ്ങളിലായിട്ടാണ് അതിലേക്കാവശ്യമുള്ള പണം ഗവർമ്മെണ്ട് കൊടുക്കുന്നത്. വീട്ടുപണിയുടെ ഓരോ സ്റ്റേജിലും, തീർന്നിട്ടുള്ള ജോലി സംബന്ധിച്ച് ഉത്തരവാദിത്വമുള്ള അസിസ്റ്റൻറ് എൻജിനീയറുടെയൊ, ജൂനിയർ എൻജിനീയറുടെയൊ സർട്ടിഫിക്കററ ഹാജരാക്കിയിരിക്കണം. ഈ രീതിയിൽ നാലഞ്ചു ലക്ഷം രൂപയുടെ വീട്ടുണ്ടാക്കാൻ സാധിച്ചു. ഈ കൊല്ലം 5 ലക്ഷം രൂപയുടെ വീടുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ശ്രീ. കൊച്ചുകുട്ടൻ പറഞ്ഞതുപോലുള്ള സംഭവങ്ങളൊന്നും നടന്നതായി അറിവില്ല. വില്ലേജു നിലവാരത്തിലും, ഡിസ്ട്രിക്ട് നിലവാരത്തിലും എം. എൽ. എ. മാരും സമുദായപ്രതിനിധികളും ഉൾപ്പെട്ട അഡൈ്വസറി കമ്മിററികൾ ഉണ്ട്. അവരുടെ മേൽനോട്ടത്തിൽ നടക്കുന്ന ഈ പണമിടപാടുകളിൽ കുംഭകോണം നടക്കാൻ ഇടയില്ലെന്നാണ് എൻെറ വിശ്വാസം. അങ്ങനെ ഏതെങ്കിലും സംഗതിയുണ്ടായാൽ യാതൊരു വിട്ടുവീഴ്ചയും കൂടാതെ ആവശ്യമായ നടപടി എടുക്കുന്നതാണ്. നല്ല രീതിയിൽ കഴിവുള്ളിടത്തോളം ഹരിജനങ്ങൾക്ക് കിടപ്പാടം ഉണ്ടാക്കിക്കൊടുക്കുകയും, സൗകര്യമുള്ളിടത്തു സെററിൽമെൻറുണ്ടാക്കി കൊടുക്കുകയും, ചെയ്യുന്ന കാര്യത്തിൽ ഗവർമ്മെണ്ടു ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. ഈ സഭ ഇതു പാസാക്കിത്തരണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഞാൻ ഉന്നയിച്ച സംഗതിയെപ്പററി ഗവർമ്മെണ്ട് നടപടി നടത്തുമോ?

ശ്രീ. പി. കെ. ചാത്തൻ: ഗവർമ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടു വരണം, ഇവിടെ പറഞ്ഞാൽ പോരാ.

The question that a supplementary sum not exceeding Rs. 100 be granted under Demand No. XXV—47 Miscellaneous (a) (c)—Centrally sponsored Grant-in-aid-schemes—Other charges—Colonisation, was put and carried.

The grant was made.

## Demand No. VIII-17—Irrigation

The question that a supplementary sum not exceeding Rs. 4,20,000 be granted under Demand No. VIII-17—Irrigation—Was put and carried.

The grant was made.

## Demand No. IX-25—General Administration

The question that a supplementary sum not exceeding Rs. 7,000 be granted under Demand No. IX—General Administration—Was put and carried.

The grant was made.

## Demand No. XVIII-38—Medical

The question that a supplementary sum not exceeding Rs. 95,100 be granted under Demand No. XVIII-38—Medical—Was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly